## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4018**     **25.06.2018-ൽ മറുപടിയ്ക്ക്**

### ചെമ്പ്ര പദ്ധതി തുടങ്ങാൻ വൈകിച്ച ഏജൻസിക്കെതിരെ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.വി. അൻവർ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| ചോദ്യം | | മറുപടി | |
| എ) | പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് ഡയറക്ടറുടെ ബി2/13241/2013 നമ്പർ ഉത്തരവ് പ്രകാരം നിലമ്പൂർ മണ്ഡലത്തിലെ പോത്തുകല്ല് പഞ്ചായത്തിലെ ചെമ്പ്ര കോളനിയിലേക്ക് അനുവദിച്ച 118.33 ലക്ഷം രൂപയുടെ പ്രവൃത്തി കിറ്റ്കോ തുടങ്ങിയിട്ടുണ്ടോ, ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | എ) | ആരംഭിച്ചിട്ടില്ല. നിർവ്വഹണ ഏജൻസിയായ കിറ്റ്കോയ്ക്ക് കർശന നിർദ്ദേശം നൽകിയിട്ടും പദ്ധതി തുടങ്ങിയിട്ടില്ലാത്തതിനാൽ നബാർഡ് ധനസഹായത്തോടെ നിർമ്മിച്ച വരുന്ന റോഡുകൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിന് 08.06.2018-ന് ഏജൻസികളുടെ യോഗം നിലമ്പൂർ ഐ.ടി.ഡി.പിയിൽ ചേർന്നിരുന്നു. 2018 ജൂൺ മാസം അവസാനത്തോടെ പദ്ധതി ആരംഭിക്കുന്നതാണെന്ന് യോഗത്തിൽ ഏജൻസി അറിയിച്ചിട്ടുണ്ട്. |
| ബി) | ഈ ഉത്തരവ് പ്രകാരം എത്ര രൂപയാണ് കിറ്റ്കോയ്ക്ക് കൈമാറിയത്; ഈ പ്രവൃത്തി ചെമ്പ്ര കോളനിയിൽ എന്ന് തുടങ്ങാനാകും എന്ന് അറിയിക്കുമോ; | ബി) | ടി റോഡിന്റെ നിർമ്മാണം സംബന്ധിച്ച് മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ 18.93 ലക്ഷം രൂപ നാളിതുവരെ നിർവ്വഹണ ഏജൻസിയായ കിറ്റ്കോയ്ക്ക് കൈമാറിയിട്ടുണ്ട്. 2018 ജൂൺ മാസം അവസാനത്തോടെ പദ്ധതി പ്രവൃത്തികൾ തുടങ്ങുമെന്നാണ് കിറ്റ്കോ അറിയിച്ചിട്ടുള്ളത്. |
| സി) | പദ്ധതി തുടങ്ങാൻ ഇത്രയധികം വൈകിച്ച ഏജൻസിക്കെതിരെ ഏത് തരത്തിലുള്ള നടപടിയാണ് കൈകൊള്ളുക; വിശദമാക്കാമോ? | സി) | 2018 ജൂൺ മാസം അവസാനത്തോടെ ടി റോഡിന്റെ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുമെന്ന് കിറ്റ്കോ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ